



വി.കെ അബ്ദു

vkabdul@gmail.com


വായനയിലേറെ കേൾവിക്കും കാഴ്ചക്കും പ്രാധാന്യം ലഭിച്ചുകൊിരിക്കുന്ന കാലമാണിത്. വായനക്ക് സമയം കത്താത്തവർക്ക് പോലും കേൾവിക്ക് സമയം കത്തൊനാവും.

# ആൻഡ്രോയിഡ് കാലത്തെ ‘ഖുർആൻ ലളിത സാരം’

ജാതിമത ഭേദമന്യേ എല്ലാവർക്കും എളുപ്പത്തിൽ ഖുർആന്റെ ആശയം ഗ്രഹിക്കാൻ സാധ്യമാകുന്ന വിധം ലളിതമായ ഭാഷയിൽ ശൈഖ് മുഹമ്മദ് കാരകുന്ന് തയാറാക്കി, വാണിദാസ് എളയാവൂർ ഭാഷാപരിശോധന നിർവഹിച്ച മലയാളം പരിഭാഷയാണ് ‘ഖുർആൻ ലളിതസാരം.’ ഇതിന്റെ ഓഡിയോ പതിപ്പ് ഡി4 മീഡിയ ഇതിനകം പുറത്തിറക്കുകയുണ്ടായി.

സ്മാർട്ട് ഫോൺ, ടാബ്ലെറ്റ് പിസി തുടങ്ങിയ മൊബൈൽ ഉപകരണങ്ങൾ ലക്ഷ്യമാക്കി ഇതിന്റെ ആൻഡ്രോയിഡ് പതിപ്പ് ഇതിനകം തയ്യാറായി. സ്മാർട്ട് ഫോണുകളിൽ എൺപത് ശതമാനവും ആൻഡ്രോയിഡ് ഓപറേറ്റിംഗ് സിസ്റ്റത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാരണത്താലാണ് മൊബൈൽ പതിപ്പുകളിൽ ആദ്യം ആൻഡ്രോയിഡ് ഓപറേറ്റിംഗ് സിസ്റ്റം തെരഞ്ഞെടുത്തത്. കേരളത്തിലെ യുവാക്കൾക്കിടയിലും ആൻഡ്രോയിഡ് ഫോണുകൾക്ക് വൻ സ്വീകാര്യതയാണ് ലഭിച്ചു വരുന്നത്. മലയാളത്തിലെ ദഅ്‌വാ രംഗത്ത് നല്ലൊരു മുന്നേറ്റമാകുമെന്ന് പ്രതീക്ഷിക്കുന്ന ലളിതസാരം ആൻഡ്രോയിഡ് പതിപ്പ് ഫെബ്രുവരി മൂന്നാം വാരത്തിൽ ലോഞ്ച് ചെയ്യും. അതോടെ ഗൂഗ്ൾ പ്ലേ മാർക്കറ്റ് മുഖേനയും ഡി4 മീഡിയ വെബ്സൈറ്റിലൂടെയും ഇത് ലഭ്യമാകുന്നതാണ്.




വ്യത്യസ്ത വലുപ്പത്തിലെ മൊബൈൽ സ്ക്രീനുകൾക്ക് അനുയോജ്യമായ വിധത്തിൽ ക്രമീകരിച്ച അത്യാകർഷകമായ മുസ്ഹഫ് പേജ് ഇതിന്റെ സവിശേഷതയാണ്. മദീന മുസ്ഹഫിന്റെ ഏറ്റവും പുതിയ ലിപിയാണ് ഇതിനുപയോഗിച്ചിരിക്കുന്നത്. മലയാളം പരിഭാഷ, ആയത്തുകളുടെയും പരിഭാഷയുടെയും ഓഡിയോ ഫയലുകൾ, അറബി, മലയാളം പദങ്ങൾ അടിസ്ഥാനപ്പെടുത്തി സെർച്ച് ചെയ്യൽ, വ്യത്യസ്ത ലിപികൾ തെരഞ്ഞെടുക്കാനുള്ള സംവിധാനം, ബുക്ക്മാർക്ക്, ആയത്തുകളും പരിഭാഷയും ഫേസ്ബുക്ക് ഉൾപ്പെടെയുള്ള സോഷ്യൽ നെറ്റ്‌വർക്കുകളിൽ ഷെയർ ചെയ്യൽ തുടങ്ങിയ ഒട്ടേറെ സൗകര്യങ്ങൾ ആൻഡ്രോയിഡ് പതിപ്പിലുൾപ്പെടുത്തിയിരിക്കുന്നു.

സമ്പൂർണ ദഅ്‌വാ സംരംഭമെന്ന നിലക്കാണ് ഇത് പുറത്തിറക്കുന്നത്. അതിനാൽ തന്നെ മൊബൈൽ ഫോണുപയോഗിക്കുന്ന എല്ലാ മലയാളികൾക്കും വിശുദ്ധ ഖുർആന്റെ ഈ മലയാളം പരിഭാഷ ഇന്റർനെറ്റിലൂടെ സൗജന്യമായി ലഭ്യമാക്കാവുന്നതാണ്. ഖുർആൻ ടെക്സ്റ്റ്, പരിഭാഷ, അൽ ഫാത്തിഹ, അൽ ഇഖ്ലാസ്, അൽ ഫലഖ്, അന്നാസ് എന്നീ ചെറിയ അധ്യായങ്ങളുൾക്കൊണ്ട മുസഹഫ് പേജുകൾ, അതിന്റെ ഓഡിയോ ഫയലുകൾ എന്നിവയാണ് എ.പി.കെ ഫയലിലുള്ളത്. ഇന്റർനെറ്റിലൂടെ ഇത് ഡൗൺലോഡ് ചെയ്ത് ആദ്യ തവണ പ്രവർത്തിപ്പിക്കുമ്പോൾ മുസ്ഹഫിന്റെ മുഴുവൻ പേജുകളും ഡൗൺലോഡ് ചെയ്യാം.

മൊബൈൽ ഫോണിൽ വൈഫൈ, 3ജി ഇന്റർനെറ്റ് കണക്ഷൻ ഉപയോഗിക്കുന്നവർക്ക് ഈ പ്രോഗ്രാം ഫയലുകൾ അതിവേഗം ഡൗൺലോഡ് ചെയ്യാനാവും. 12 മെഗാബയ്റ്റ് വരുന്ന എ.പി.കെ ഫയൽ ഇൻസ്റ്റാൾ ചെയ്യുമ്പോൾ സിസ്റ്റത്തിന്റെ മെയിൻ മെമറിയിൽ 50 മെഗാബയ്റ്റ് ഫ്രീ സ്പെയ്സ് ആവശ്യമാണ്. തുടർന്ന് മദീന മുസ്ഹഫിന്റെ മുഴുവൻ പേജുകൾ ഇൻസ്റ്റാൾ ചെയ്യാൻ എക്സ്റ്റേണൽ മെമറി കാർഡിൽ 55 മെഗാബെയ്റ്റ് ഫ്രീ സ്പെയ്സും ഓഡിയോ ഫയലുകൾ പൂർണ്ണമായും ഡൗൺലോഡ് ചെയ്യാൻ 1.8 ജിഗാബെയ്റ്റും ആവശ്യമാണ്. ഓഡിയോ ഫയലുകൾ മുഴുവനായോ അതല്ലെങ്കിൽ ആവശ്യമായ സൂറത്തുകൾ മാത്രം തിരഞ്ഞെടുത്തോ ഡൗൺലോഡ് ചെയ്യാൻ സൗകര്യമുണ്ട്.

മൊബൈൽ ഫോണിൽ ഇന്റർനെറ്റ് കണക്ഷൻ ഉപയോഗിക്കാത്തവർക്കും പരിമിതമായ വേഗതയുള്ള കണക്ഷൻ മാത്രം ഉപയോഗിക്കുന്നവർക്കുമായി ആൻഡ്രോയ്ഡ് പതിപ്പിന്റെ എ.പി.കെ ഫയൽ, മുസ്ഹഫ് പേജുകൾ, ഓഡിയോ ഫയലുകൾ എന്നിവ ഉൾപ്പെടുത്തി സമ്പൂർണ്ണ ഡി.വി.ഡി പതിപ്പ് ഡി4 മീഡിയ സ്റ്റോറിലൂടെ ലഭിക്കുന്നതാണ്. ഇന്റർനെറ്റ് ഇല്ലാതെത്തന്നെ കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഈ ഫയലുകൾ ആവശ്യാനുസാരം മൊബൈൽ ഫോണിൽ ഡൗൺലോഡ് ചെയ്യാൻ സാധിക്കും.

വായനയിലേറെ കേൾവിക്കും കാഴ്ചക്കും പ്രാധാന്യം ലഭിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. വായനക്ക് സമയം കണ്ടെത്താത്തവർക്ക് പോലും കേൾവിക്ക് സമയം കണ്ടെത്താനാവും. അതോടൊപ്പം ആധുനിക മനുഷ്യന്റെ സന്തത സഹചാരിയായി മാറിയ മൊബൈൽ ഫോണിൽ ഇത് ലഭിക്കുന്നതോടെ എവിടെയും എപ്പോഴും ഖുർആനുമായി ബന്ധപ്പെടാൻ സാധ്യമാകുന്നു. ■

Vol. No: 70 Issue No. 35 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla